# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂലായ് 9-ാം തീയതി ചൊവ്വാഴ്ച
(ആകെ ചോദ്യങ്ങൾ - 24)

**(377) ആരോഗ്യമേഖല നവീകരിക്കാൻ നടപടി**
**(378) സമ്പൂർണ്ണ ശുചിത്വയജ്ഞം**
**(379) പത്താം പഞ്ചവൽസര പദ്ധതിയിൽ പശ്ചിമഘട്ട വികസന പ്രോജക്ടിന് കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്ന തുക**
**(380) മെഡിക്കൽ കോളേജ് ആശുപത്രികൾ റഫറൽ ആശുപത്രികളാക്കി മാറ്റാൻ നടപടി**
**(381) മെഡിക്കൽ കോളേജുകളിലെ ശുചിത്വക്കുറവും ആവശ്യത്തിന് കിടക്കകൾ ഇല്ലാത്ത അവസ്ഥയും പരിഹരിക്കാൻ നടപടി**
**(382) ചികിൽസാ സ്ഥാപനങ്ങൾ പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾക്ക് കൈമാറാൻ നടപടി**
**(383) കൃത്രിമ ലിംബ് ഫിററിംഗ് സെന്ററുകളുടെ പ്രവർത്തനം**
**(384) അന്ധതാ നിവാരണ പ്രവർത്തനങ്ങൾ**
**(385) ഖാദി വ്യവസായം പ്രോൽസാഹിപ്പിക്കുവാൻ നടപടി**
**(386) പഞ്ചവൽസര പദ്ധതിയുടെ ഫലമായി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ലഭിച്ച പ്രയോജനം**
**(387) വായു-ജല മലിനീകരണം തടയാൻ നിലവിലുള്ള പദ്ധതികൾ**
**(388) ഗ്രാമീണ റോഡുകൾ പരിരക്ഷിക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റ് സഹായം**
**(389) പുകയിലയുടെ ഉപയോഗം തടയാൻ നടപടി**
**(390) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും വിദേശരാജ്യങ്ങളിൽ ജോലി നോക്കുന്നതിനായി അനുവദിക്കുന്ന ശൂന്യവേതനാവധി**
**(391) ടെലി മെഡിസിൻ സമ്പ്രദായം വഴിയുള്ള രോഗനിർണ്ണയവും ചികിൽസയും സാദ്ധ്യമാക്കുന്നതിനുള്ള നടപടി**
**(392) കെട്ടിട നികുതി പുനർ നിർണ്ണയിക്കാൻ നടപടി**
**(393) പേവിഷം ബാധിച്ചവർക്ക് ജീവൻരക്ഷാ ഇഞ്ചക്ഷൻ സൗജന്യമായോ കുറഞ്ഞനിരക്കിലോ നൽകാൻ നടപടി**
**(394) കടലുണ്ടി തീവണ്ടി അപകടത്തിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം**
**(395) മാതൃ മരണനിരക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ**
**(396) സർക്കാർ ആശുപത്രികളെ അഴിമതിവിമുക്തമാക്കാനുള്ള സംവിധാനം**
**(397) ആരോഗ്യ മേഖലയുടെ നവീകരണ പരിപാടികൾ**
**(398) ജനിതക ചികിത്സാരീതി ഏർപ്പെടുത്താൻ നടപടി**
**(399) ഗുണമേന്മ ഇല്ലാത്ത ആയുർവേദ മരുന്നുകൾ ഉല്പ്പാദനം നടത്തി വിതരണം ചെയ്യുന്നത് തടയാൻ നടപടി**
**(400) ഒമ്പതാം പദ്ധതിയിൽപ്പെടുത്തിയ വർക്കുകൾ പത്താം പദ്ധതിയിലേക്ക് സ്പിൽ ഓവർ ചെയ്ത നടപടി**

### ആരോഗ്യമേഖല നവീകരിക്കാൻ നടപടി

377. ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി. ബാലറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖല നവീകരിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അതിനുള്ള ഫണ്ട് എവിടെനിന്ന് കിട്ടുമെന്നാണ് കരുതുന്നത്;

(സി) ആരോഗ്യമേഖലയുടെ നവീകരണത്തിനായി ലോകബാങ്ക് സഹായം മുൻഗവൺമെന്റ് തേടിയിരുന്നുവോ;

(ഡി) എങ്കിൽ പ്രസ്തുത സഹായം അന്നു ലഭിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ പദ്ധതി വിഹിതം, സംസ്ഥാന പദ്ധതി വിഹിതം, വിദേശ സഹായം എന്നിവയിൽ നിന്നാണ് ഫണ്ട് ലഭ്യമാകുന്നത്. ഇതിനു പുറമേ സന്നദ്ധ സംഘടനകൾ പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹായ സഹകരണവും ഇക്കാര്യത്തിൽ പ്രതീക്ഷിക്കുന്നുണ്ട്.

(സി)യും (ഡി)യും ഉണ്ട്. ഹെൽത്ത് സിസ്റ്റം പ്രോജക്റ്റിനു വേണ്ടി സഹായം തേടിയിരുന്നു. പ്രോജക്ട് റിപ്പോർട്ട് ലോക ബാങ്കിന്റെ ഫോർമാറ്റിൽ അല്ലാത്തതിനാലും റിപ്പോർട്ട് അപൂർണ്ണമായിരുന്നതിനാലും സ്ഥിതി വിവര കണക്കുകൾ കാലഹരണപ്പെട്ടതിനാലും കേന്ദ്ര സർക്കാർ മടക്കി അയച്ചു

## സമ്പൂർണ്ണ ശുചിത്വയജ്ഞം

378. ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിലെ സമ്പൂർണ്ണ ശുചിത്വയജ്ഞം ഇപ്പോൾ എത്ര സ്ഥലത്ത് ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കൂടുതൽ സ്ഥലങ്ങളിലേക്ക് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുവാൻ പരിപാടിയുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനുവേണ്ടി കേന്ദ്രത്തിൽ നിന്ന് എന്തു തുക ലഭിക്കും;

(ഡി) സംസ്ഥാന ഗവൺമെന്റ് ഈ പദ്ധതിക്കുവേണ്ടി എന്തു തുക ഈ വർഷം ചെലവാക്കുവാൻ നീക്കിവച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. സി. എഫ്. തോമസ് (ഗ്രാമവികസന വകുപ്പുമന്ത്രി) :-**

(എ) ഏഴു ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

1. കോട്ടയം
2. കൊല്ലം
3. കാസർഗോഡ്
4. തിരുവനന്തപുരം
5. ആലപ്പുഴ
6. മലപ്പുറം
7. വയനാട്

(ബി) പത്താം പദ്ധതികാലത്ത് തന്നെ ശേഷിക്കുന്ന ഏഴ് ജില്ലകളിൽ കൂടി സംപൂർണ്ണ ശുചിത്വയജ്ഞ പദ്ധതി വ്യാപിപ്പിക്കുവാൻ പരിപാടിയുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ പുതിയ സി.ആർ.എസ്.പി. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഒരു ജില്ലയ്ക്ക് പരമാവധി 20 കോടി രൂപയുടെ വരെ പ്രോജക്ട് കോസ്റ്റ് ആകാവുന്നതാണ്. അതുപ്രകാരം ഒരു ജില്ലയ്ക്ക് ഗുണഭോക്തൃ വിഹിതം, സംസ്ഥാന വിഹിതം എന്നിവ കഴിച്ച് പരമാവധി 1340 ലക്ഷം രൂപ വരെ കേന്ദ്ര സഹായം ലഭിക്കും. അപ്രകാരം ഏഴ് ജില്ലകൾക്ക് കൂടി 9380 ലക്ഷം രൂപ വരെ കേന്ദ്ര സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) സംസ്ഥാന വിഹിതമായി 535 ലക്ഷം രൂപ ബഡ്ജറ്റിൽ വക വരുത്തിയിട്ടുണ്ട്.

## പത്താം പഞ്ചവൽസര പദ്ധതിയിൽ പശ്ചിമഘട്ട വികസന പ്രോജക്ടിന് കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്ന തുക

379. ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഉമേഷ് ചള്ളിയിൽ :

ശ്രീ. എ.എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം പഞ്ചവൽസര പദ്ധതിയിൽ പശ്ചിമഘട്ട വികസന പ്രോജക്ടിന് കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഉൾപ്പെടുത്തി പഞ്ചായത്തുകളുടെയും സന്നദ്ധ സംഘടനകളുടെയും എത്ര പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതികൾ സമർപ്പിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഇതുമൂലം സംസ്ഥാനത്തിന് 100% കേന്ദ്ര സഹായ പദ്ധതികൾ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) പത്താം പഞ്ചവത്സര പദ്ധതിയിലെ ആദ്യവർഷമായ 2002-2003 സാംപത്തിക വർഷത്തിൽ പശ്ചിമഘട്ട വികസന പരിപാടിക്കായി 13.13 കോടി രൂപയാണ് കേരളത്തിന് അനുവദിച്ചിട്ടുള്ള തുക. പത്താം പദ്ധതികാലത്തെ മറ്റു വർഷങ്ങളിലേക്കുള്ള തുക കേന്ദ്രത്തിൽ നിന്നും അറിയിച്ചിട്ടില്ല.

(ബി) പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്ന പ്രോജക്ടുകൾ കേന്ദ്ര ഗവൺമെന്റിലേക്ക് സമർപ്പിക്കേണ്ട ആവശ്യമില്ല. 2002-2003 സാംപത്തിക വർഷത്തിലേക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള തുകയുടെ അടിസ്ഥാനത്തിൽ പശ്ചിമഘട്ട വികസന പ്രവർത്തങ്ങൾക്കായുള്ള സംസ്ഥാന തല കർമ്മ പരിപാടി (ആക്ഷൻ പ്ളാൻ) തയ്യാറാക്കി 3/7/2002- ന് കേന്ദ്ര ആസൂത്രണ കമ്മിഷന് സമർപ്പിച്ചുണ്ട്.

(സി) പശ്ചിമഘട്ട വികസന പരിപാടിയുടെ 2002-03-ലെ സംസ്ഥാന തല കർമ്മപരിപാടി (ആക്ഷൻ പ്ളാൻ) തയ്യാറാക്കി സമർപ്പിക്കുവാൻ കുറച്ചു കാല താമസം വന്നിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണം ഫലവത്തായി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി പത്താം പദ്ധതി ആരംഭം മുതൽ പശ്ചിമഘട്ട വികസന പരിപാടികൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നടപ്പിൽ വരുത്താൻ ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിനും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും സാവകാശം ആവശ്യമായി വന്നതുകൊണ്ടാണ് കർമ്മ പരിപാടി (ആക്ഷൻ പ്ളാൻ) സമർപ്പിക്കുവാൻ കുറച്ചു കാലതാമസം വന്നിട്ടുള്ളത്.

(ഡി) പശ്ചിമഘട്ട വികസന പരിപാടിക്കായി കേന്ദ്രം അനുവദിച്ച തുക നഷ്ടമാകുന്ന സാഹചര്യം ഇപ്പോൾ നിലവിലില്ല. കർമ്മ പരിപാടി (ആക്ഷൻ പ്ളാൻ) സമർപ്പിച്ചു കഴിഞ്ഞ സാഹചര്യത്തിൽ കേന്ദ്ര സഹായത്തിന്റെ ആദ്യഗഡു താമസിയാതെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## മെഡിക്കൽ കോളേജ് ആശുപത്രികൾ റഫറൽ ആശുപത്രികളാക്കി മാറ്റാൻ നടപടി

380. ശ്രീ. കളത്തിൽ അബ്ദുള്ള :

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :

ശ്രീ. ടി. പി. എം. സാഹിർ :

ശ്രീ. സി. ടി. അഹമ്മദ് അലി :

ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളും പൂർണ്ണമായും റഫറൽ ആശുപത്രികളാക്കി മാറ്റൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ)+(ബി)+(സി) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രികൾ റഫറൽ ആശുപത്രികളായി പ്രവർത്തിക്കുകയാണ്. മറ്റു മെഡിക്കൽ കോളേജ് ആശുപത്രികൾ റഫറൽ ആകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മെഡിക്കൽ കോളേജുകളിലെ ശുചിത്വക്കുറവും ആവശ്യത്തിന് കിടക്കകൾ ഇല്ലാത്ത അവസ്ഥയും പരിഹരിക്കാൻ നടപടി

381. ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിലെ ശുചിത്വക്കുറവും ആവശ്യത്തിന് കിടക്കകൾ ഇല്ലാത്ത അവസ്ഥയും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി സ്വകാര്യ പങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) ആശുപത്രി വികസന സമിതിയുടെ സഹായത്തോടെ ദിവസകൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സ്ഥലപരിമിതിമൂലം മെഡിക്കൽ കോളേജ് ആശുപത്രികളിൽ കൂടുതൽ കിടക്കകൾ ഇടാൻ പ്രയാസമുണ്ട്. സ്ഥലം ലഭ്യമായ സ്ഥലങ്ങളിൽ സ്റ്റാഫിന്റെ പരിമിതി മൂലം കൂടുതൽ കിടക്കകൾ ഇടാൻ നിർവാഹമില്ല. എങ്കിലും ഈ രണ്ടു പരിമിതികളക്കിടയിലും കൂടുതൽ കിടക്കകൾ ഇട്ട് രോഗികളെ ചികിൽസിക്കാൻ നടപടിയെടുക്കുന്നുണ്ട്.

(സി) ഉണ്ട്.

## ചികിൽസാ സ്ഥാപനങ്ങൽ പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾക്ക് കൈമാറാൻ നടപടി

382. ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. പി. ജെ. ജോയി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജ് നഗരപാലിക നിയമങ്ങളിലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും തലത്തിലുള്ള ചികിൽസാ സ്ഥാപനങ്ങൾ പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾക്ക് നൽകേണ്ടതുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തലത്തിലുള്ള ചികിൽസാ സ്ഥാപനങ്ങൾ ഇതിൽപ്പെടുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഇതുവരെ എത്ര സ്ഥാപനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് കൈമാറി ;

(ഡി) ബാക്കി സ്ഥാപനങ്ങളുടെ കൈമാറ്റം എന്നേക്ക് നടക്കുമെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ)യും (ബി)യും ഉണ്ട്. ആരോഗ്യം (അലോപ്പതി), നാട്ടു ചികിൽസ (ആയൂർവേദം) ഹോമിയോപ്പതി എന്നീ വിഭാഗങ്ങളിൽപ്പെട്ട പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ വരെ പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതുണ്ട്.

(സി) ആരോഗ്യവകുപ്പിൽ 1166 സ്ഥാപനങ്ങളും നാട്ടു ചികിൽസാവകുപ്പിൽ 839 സ്ഥാപനങ്ങളും ഹോമിയോപ്പതി വകുപ്പിൽ 568 സ്ഥാപനങ്ങളും കൈമാറിയിട്ടുണ്ട്.

(ഡി) ഹോമിയോ. ആയുർവേദവകുപ്പിൻ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും കൈമാറ്റം നടന്നു കഴിഞ്ഞു. ആരോഗ്യ വകുപ്പിലെ 18 സ്ഥാപനങ്ങളുടെ കൈമാറ്റം സംബന്ധിച്ച നടപടി സ്വീകരിച്ചുവരുന്നതേയുള്ളു.

## കൃത്രിമ ലിംബ് ഫിററിംഗ് സെന്ററുകളുടെ പ്രവർത്തനം

383. ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃത്രിമ ലിംബ് ഫിറ്റിംഗ് സെന്ററുകളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്തൊക്കെ പരിഷ്കാരങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് കൃത്രിമ ലിംബ് ഫിറ്റിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൂടുതൽ ലിംബ് ഫിറ്റിംഗ് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എവിടെയൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് കൃത്രിമ ലിംബ് നിർമ്മാണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) ഉണ്ട്. പ്രസ്തുത സെന്ററുകളിൽ നിലവിലുള്ള സംവിധാനം വിപുലീകരിക്കുന്നതിന് പരിശീലനം ലഭിച്ച കൂടുതൽ സാങ്കേതിക വിദഗ്ധരേയും സെന്ററിനാവശ്യമായ അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് കൂടുതൽ തുകയും ആവശ്യമാണ്. ഇതിലേക്കായി ബഡ്ജറ്റിൽ (2002–2003) 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കൊല്ലം, പാലക്കാട്, കണ്ണൂർ ജില്ലാ ആശുപത്രികളിലും എറണാകുളം ജനറലാശുപത്രിയിലും ലിംബ് ഫിറ്റിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജ്കളോട് അനുബന്ധിച്ചും ലിംബ് ഫിറ്റിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഉണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിൽ കൊല്ലം, പാലക്കാട്, കണ്ണൂർ, എറണാകുളം ജില്ലകളിൽ പ്രവർത്തിക്കുന്ന ലിംബ് ഫിറ്റിംഗ് സെന്ററുകളിൽ കൃത്രിമ ലിംബ് നിർമ്മാണം നടക്കുന്നുണ്ട്. പുറമേ തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ലിംബ് ഫിറ്റിംഗ് സെന്ററുകളിലും കൃത്രിമ ലിംബ് നിർമ്മാണം നടക്കുന്നുണ്ട്.

## അന്ധതാ നിവാരണ പ്രവർത്തനങ്ങൾ

384. ശ്രീ. ബിനോയ് വിശ്വം :

ശ്രീ. പി. എസ്. സുപാൽ :

ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധതാ നിവാരണത്തിനായി സംസ്ഥാനത്ത് നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ അന്ധതയുള്ളവരെ കണ്ടെത്താൻ സർവ്വേ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ സർവ്വയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) അന്ധതാ നിവാരണത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും 2001–2002–ൽ എന്തു തുക സഹായം ലഭിച്ചു; എന്തു തുക ചെലവഴിച്ചു;

(ഇ) ജില്ലാ അന്ധതാ നിവാരണ സൊസൈറ്റികൾക്ക് കേന്ദ്രം എന്ത് തുക അനുവദിച്ചു; ഇതിൽ സൊസൈറ്റികൾക്ക് എത്ര രൂപ വീതം കൊടുത്തു എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) അന്ധതാ നിവാരണം ലക്ഷ്യമിട്ട് 100% കേന്ദ്രാവിഷ്കൃത ദേശീയ അന്ധതാ നിയന്ത്രണ പരിപാടി താഴെ പറയുന്ന സ്ഥാപനങ്ങൾ–സംവിധാനങ്ങൾ വഴി നടപ്പിലാക്കി വരുന്നു.

1. സഞ്ചരിക്കുന്ന നേത്ര വിഭാഗം – 17
2. ജില്ലാ ആശുപത്രികൾ – 14
3. താലൂക്ക് ആശുപത്രികൾ – മേജർ

4. പി.എച്ച്.സി.–സി.എച്ച്.സി. – 237
5. മെഡിക്കൽ കോളേജുകൾ – 5
6. റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് – 1
7. ഒപ്താൽമിക്ക് അസിസ്റ്റന്റ് പരിശീലന കേന്ദ്രം (മെഡിക്കൽ കോളേജുകളിൽ) – 5
8. നേത്ര ബാങ്ക് – 12

കൂടാതെ 14 ജില്ലകളിലും ജില്ലാ അന്ധത നിയന്ത്രണ സമിതികൾ, സന്നദ്ധ സംഘടനകൾ, ഗവൺമെന്റ് ഇതര സംഘടനകൾ, സ്വകാര്യ ആശുപത്രികൾ എന്നിവയും ഈ ലക്ഷ്യത്തിനായി പ്രവർത്തിക്കുന്നു. തിമിര ശസ്ത്രക്രിയ പരിപാടി, നേത്ര ചികിൽസ, സ്കൂളുകളിൽ കാഴ്ച പരിശോധനാ പരിപാടി, നിർദ്ധന വിദ്യാർത്ഥികൾക്ക് കണ്ണട വിതരണം, നേത്ര ദാന പ്രവർത്തനങ്ങൾ, നേത്രപടല ശസ്ത്രക്രിയ, നേത്ര ആരോഗ്യ വിദ്യാഭ്യാസം എന്നി പദ്ധതികളും നടത്തി വരുന്നു.

(ബി) ഉണ്ട്.

(സി) കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ച പ്രകാരം ജില്ലകളിൽ സർവ്വേ നടത്തി പൂർണ്ണമായി അന്ധത ബാധിച്ചവരെ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇവരെ ചികിൽസിച്ച് ഭേദപ്പെടുത്തുന്നതിനുള്ള ആക്ഷൻ പ്ളാൻ അതാത് ജില്ലകളിൽ തയ്യാറാക്കി വരുന്നു.

(ഡി) ഈ ഇനത്തിൽ 55.5 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 27.75 ലക്ഷം രൂപ അനുവദിച്ചു കിട്ടി. ശേഷിച്ച തുക അനുവദിച്ചു കിട്ടുന്നതിന് നടപടിയെടുത്തിട്ടുണ്ട്. 56.07 ലക്ഷം രൂപ ചിലവാക്കി.

(ഇ) 2001–2002 വർഷത്തിൽ 69 ലക്ഷം രൂപ അനുവദിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

1. കോഴിക്കോട് – 5 ലക്ഷം
2. മലപ്പുറം – 5 ലക്ഷം
3. പാലക്കാട് – 15 ലക്ഷം
4. തൃശൂർ – 25 ലക്ഷം
5. ഇടുക്കി – 5 ലക്ഷം
6. കോട്ടയം – 4 ലക്ഷം
7. കൊല്ലം – 10 ലക്ഷം

## <u>ഖാദി വ്യവസായം പ്രോൽസാഹിപ്പിക്കുവാൻ നടപടി</u>

385. ശ്രീ. കെ.പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ ഖാദി വ്യവസായം പ്രോൽസാഹിപ്പിക്കുവാൻ എന്തൊക്കെ പരിപാടികളാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഖാദി സ്റ്റോറുകൾ വഴി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് നൽകുന്നത് തുടരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര ശതമാനം വരെ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ആഗസ്റ്റ്, ഒക്ടോബർ മാസങ്ങളിൽ ഈ റിബേറ്റ് 40% വരെ ആക്കാനുള്ള നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. സി.എഫ്. തോമസ് (ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി):–**

(എ) ഖാദി വ്യവസായം പ്രോൽസാഹിപ്പിക്കുന്നതിനായി വർഷം മുഴുവൻ 10% റിബേറ്റ് അനുവദിക്കുന്നുണ്ട്. കഴിഞ്ഞ വർഷം നെയ്ത്തുകാർക്ക് ഉൽപാദന ഇൻസെന്റീവ് അനുവദിച്ചിരുന്നു. ഉൽപാദന ഇൻസെന്റീവ് ഈ വർഷവും തുടർന്നു നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഖാദി ഉൽപന്നങ്ങളെ വില്പന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഖാദി കമ്മീഷന്റെ 10%ഉം, സംസ്ഥാന സർക്കാരിന്റെ 10%ഉം ഉൾപ്പെടെ ആകെ 20% നോർമ്മൽ റിബേറ്റ് നൽകുന്നുണ്ട്.

(ഡി) ഓഗസ്റ്റ് മാസത്തിൽ ഓണം പ്രമാണിച്ച് 35% റിബേറ്റ് നൽകാൻ നടപടികൾ സ്വീകരിക്കുന്നതാണ്. ഒക്ടോബർ മാസത്തിൽ ഗാന്ധി ജയന്തി പ്രമാണിച്ച് 30% റിബേറ്റ് നല്കുന്നതാണ്.

## പഞ്ചവൽസര പദ്ധതിയുടെ ഫലമായി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ലഭിച്ച പ്രയോജനം

386. ശ്രീ. എം.എ. ചന്ദ്രശേഖരൻ:
ശ്രീ. കെ.സി. ജോസഫ്:
ശ്രീ. ഇ.എം. അഗസ്തി:
ശ്രീ. ടി.വി. ചന്ദ്രമോഹൻ:
ശ്രീ. എ.പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇതുവരെ നടപ്പാക്കിയ പഞ്ചവൽസര പദ്ധതികളുടെ പ്രവർത്തനംകൊണ്ട് ഉദ്ദേശിച്ച ഫലം കൈവരുത്തുവാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പഞ്ചവൽസര പദ്ധതിയുടെ പ്രവർത്തനഫലമായി പട്ടികവർഗ്ഗക്കാർ, പട്ടികജാതിക്കാർ എന്നിവർക്ക് പ്രയോജനം ലഭിക്കുന്നതിൽ എന്തെല്ലാം പോരായ്മകൾ ഉണ്ടായിട്ടുണ്ട് എന്നതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പഞ്ചവൽസര പദ്ധതി പ്രവർത്തനത്തിന്റെ ഫലമായി എന്തെല്ലാം വിധത്തിലുള്ള പുരോഗതി ഉണ്ടായെന്നും പദ്ധതിയിൽ വകയിരുത്തിയിരുന്ന തുക അവരുടെ ഉന്നമനത്തിന് എപ്രകാരം ചിലവഴിക്കാം എന്നും അന്വേഷിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ഇതുവരെ നടപ്പിലാക്കിയ പഞ്ചവത്സര പദ്ധതികളിലൂടെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വിദ്യാഭ്യാസം, സാമൂഹിക വികസനം, സാംപത്തിക വികസന ഭവന നിർമ്മാണം, സ്വയം തൊഴിൽ എന്നിങ്ങനെ വിവിധ മേഖലകളിൽ ഗണ്യമായ ഫലം കൈവരിക്കാനായിട്ടുണ്ട്.

(ബി) പട്ടികജാതിക്കാരെപ്പറ്റി പ്രത്യേകിച്ച് പഠനം ഒന്നും നടത്തിയിട്ടില്ല. എട്ടാം പദ്ധതിയിലും ഒൻപതാം പദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര സഹായം വഴി ലഭിച്ച തുക പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി ചെലവഴിച്ചതിൽ അവർക്ക് എത്രമാത്രം പ്രയോജനമുണ്ടായി എന്നതിനെപ്പറ്റി പഠിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ, മാനന്തവാടി, ഇടുക്കി എന്നീ ഐ.ടി.ഡി.പി.കളുടെ പരിധിയിൽ നടപ്പാക്കിയിട്ടുള്ള പട്ടികവർഗ്ഗ വികസന പരിപാടികളെ സംബന്ധിച്ചുള്ള ഇവാലുവേഷൻ പഠനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ പട്ടികവർഗ്ഗ വികസന പരിപാടികളെ സംബന്ധിച്ച് ഇവാലുവേഷൻ പഠനങ്ങളും കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകളിൽ നടത്തിയിട്ടുണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

## വായു-ജല മലിനീകരണം തടയാൻ നിലവിലുള്ള പദ്ധതികൾ

387. ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി:
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. കെ.എൻ.എ. ഖാദർ:
ശ്രീ. സി. മോയിൻ കുട്ടി:
ശ്രീ. പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വായു-ജല മലിനീകരണം തടയാൻ നിലവിലുള്ള പദ്ധതികൾ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനായി പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം എന്തെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പു മന്ത്രി):-**

(എ) 1974-ലെ ജലമലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1981ലെ വായുമലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം എന്നിവ അനുസരിച്ചുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് രൂപീകരിച്ചു വരുന്നു. കൂടാതെ

പരിസ്ഥിതി സംരക്ഷണനിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള നടപടികളും എടുത്തു വരുന്നു. ഈ നിയമങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്ലോബൽ എൻവയോൺമെന്റൽ മോണിറ്ററിംഗ് സിസ്റ്റം, മോണിറ്ററിംഗ് ഓഫ് ഇൻഡ്യൻ നാഷണൽ അക്വാട്ടിക് റിസോർസസ് സ്കീം, നാഷണൽ എയർ ക്വാളിറ്റി മോണിട്ടറിംഗ് പ്രോഗ്രാം, പമ്പാ ആക്ഷൻ പ്ലാൻ, സോണിംഗ് അറ്റ്ലസ് ഫോർ സൈറ്റിംഗ് ഓഫ് ഇൻഡസ്ട്രീസ്, എൻവയോൺമെന്റൽ ക്വാളിറ്റി മോണിറ്ററിംഗ്, പൊതുജന ബോധവൽക്കരണ നടപടികൾ, ഇൻസെന്റീവ് ഫോർ പൊല്യൂഷൻ കണ്ട്രോൾ, കോമൺ ഫെസിലിറ്റി ഫോർ വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) ഉണ്ട്.

(സി) ജലവായു മലിനീകരണം തടയുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. സ്റ്റഡി ഓഫ് ഹെവി മെറ്റൽ അക്യൂമിലെഷൻ ഇൻ ദി ലോവർ സ്ട്രച്ചസ് ഓഫ് പെരിയാർ
2. ഇൻവെന്റെയിസേഷൻ ഓഫ് ഇൻഡ്സ്ട്രീസ്-മുൻസിപ്പൽ സോളിഡ് വേസ്റ്റ് ഡംപിംഗ് യാർഡ്സ്-ഹോസ്പിറ്റൽ ഇൻ കേരള
3. ഗ്രൗണ്ട് വാട്ടർ കണ്ടാമിനൻസ് എറൗണ്ട് കെ.എം.എം.എൽ.
4. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരസഭകൾക്ക് വേണ്ടിയുള്ള കർമ്മ പദ്ധതി
5. ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സ്കീം (ഫെയ്സ്2)

## <u>ഗ്രാമീണ റോഡുകൾ പരിരക്ഷിക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റ് സഹായം</u>

388. ശ്രീ. പി.എസ്. സുപാൽ:
ശ്രീ. കെ. പി. രാജേന്ദ്രൻ:
ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗ്രാമീണ റോഡുകൾ പരിരക്ഷിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് ഫണ്ട് അനുവദിക്കാറുണ്ടോ;

(ബി) ഈ പദ്ധതിയനുസരിച്ച് കഴിഞ്ഞവർഷം എന്തു തുക സംസ്ഥാനത്തിന് അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ തുക വിനിയോഗിക്കുന്നതിന് കാലതാമസം വരുത്തിയാതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. സി.എഫ്. തോമസ് (ഗ്രാമ വികസന വകുപ്പു മന്ത്രി):-**

(എ) ഗ്രാമീണ റോഡുകൾ പരിരക്ഷിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗ്രാമവികസന വകുപ്പിന് പ്രത്യേകിച്ച് ഫണ്ടൊന്നും അനുവദിക്കുന്നില്ല. എന്നാൽ ഒറ്റപ്പെട്ട ഗ്രാമീണ ആവാസ കേന്ദ്രങ്ങളെ പ്രധാന നിരത്തുകളുമായി ബന്ധിപ്പിക്കുന്നതിന് പ്രാധാനമന്ത്രിയുടെ ഗ്രാമീൺ സഡക് യോജന (പി.എം.ജി.എസ്.വൈ) പദ്ധതിയിൽ കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സംപൂർണ്ണ റോസ്ഗാർ യോജന (എസ്.ജി.ആർവൈ) ഫണ്ട് വിനിയോഗിച്ചും ഗ്രാമീണറോഡുകൾ പുനരുദ്ധരിക്കുന്നുണ്ട്.

## <u>പുകയിലയുടെ ഉപയോഗം തടയാൻ നടപടി</u>

389. ശ്രീ. എൻ. ശക്തൻ:
ശ്രീ. പി.ടി. തോമസ്:
ശ്രീ. എ.കെ. മണി:
ശ്രീ. ടി.വി. ചന്ദ്രമോഹൻ:
ശ്രീ. കെ.സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വിവിധ രൂപത്തിലാക്കിയ പുകയില ഉപയോഗിക്കുന്നവരുടെ എണ്ണം സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ബോധവൽക്കരണ നടപടികൾ ഫലപ്രദമാവുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ പുകയിലയുടെ ഏത് രൂപത്തിലുള്ള ഉൽപ്പന്നവും വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത് തടയുവാൻ നടപടിയെടുക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പു മന്ത്രി):-**

(എ) പുകയില ഉപയോഗിക്കുന്നവരുടെ എണ്ണം സംബന്ധിച്ച് ആരോഗ്യവകുപ്പ് പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ റീജിയണൽ ക്യാൻസർ സെന്റർ അധികൃതർ പഠനങ്ങൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പും ആർ.സി.സിയും സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി ബോധവൽക്കരണം നടത്തുന്നുണ്ട്. പുകയില ശീലം തുടങ്ങാതിരിക്കാൻ സ്കൂൾ കുട്ടികൾക്കായി ഏകദേശം 6000 വിദ്യാലയങ്ങളിലൂടെ പുകയില വിരുദ്ധ വിപ്ലവം എന്ന പരിപാടി റീജിയണൽ ക്യാൻസർ അസോസിയേഷൻ നടത്തി വരുന്നുണ്ട്. കൂടാതെ പുകയിലക്കെതിരെ ബോധവൽക്കരണം നടത്തുന്നതിലേക്കായി 31,209 (മുപ്പത്തി ഒന്നായിരത്തി ഇരുന്നൂറ്റി ഒൻപത്) പേർക്ക് പരിശീലനവും ഒരു ലക്ഷത്തോളം പേർക്ക് ബോധവൽക്കരണവും നൽകി കഴിഞ്ഞു. കേരളത്തിലുടനീളം 78 ഗ്രാമങ്ങളിൽ 12000ത്തോളം സന്നദ്ധ പ്രവർത്തകർക്കും പുകയിലയുടെ ഉപയോഗത്തിനെതിരെ പ്രവർത്തിക്കുവാൻ പരിശീലനം നൽകിയിട്ടുണ്ട്. വിവിധ ദൃശ്യ ശ്രവ്യ മാദ്ധ്യമങ്ങളിലൂടെ പുകയില ഉപയോഗത്തിനെതിരെ പ്രചാരണവും നടത്തി വരുന്നുണ്ട്.

(സി) ഉണ്ട്. ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ ആർ.സി.സി നടത്തിയ പഠനത്തിൽ പുകയിലയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തിയ സ്ഥലങ്ങളിൽ മറ്റു സ്ഥലങ്ങളിലുള്ള ജനങ്ങളെ അപേക്ഷിച്ച് പുകയില ഉപയോഗം കുറഞ്ഞ് വരുന്നതായി തെളിഞ്ഞിട്ടുണ്ട്.

(ഡി) ഇക്കാര്യത്തൽ സർക്കാർ തലത്തിൽനടപടി സ്വീകരിച്ചു വരുന്നു.

## <u>സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും വിദേശരാജ്യങ്ങളിൽ ജോലി നോക്കുന്നതിനായി അനുവദിക്കുന്ന ശൂന്യവേതനാവധി</u>

390. ശ്രീ. മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും വിദേശരാജ്യങ്ങളിൽ ജോലി നോക്കുന്നതിനായി എത്ര വർഷം ശൂന്യവേതനാവധി അനുവദിക്കുന്നുണ്ടെന്ന വിവരം അറിയിക്കാമോ;

(ബി) ഇപ്രകാരം അവധിക്ക് അപേക്ഷകൾ ഗവൺമെന്റിന് സമർപ്പിച്ചാൽ ലീവ് അനുവദിക്കുന്നതിൽ കാലതാനസം ഉണ്ടാകുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിസ്സാരകാരണങ്ങളാൽ ഇപ്രാകരമുള്ള പല അവധികളും അനുവദിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശൂന്യവേതനാവധിക്കുള്ള അപേക്ഷകൾ ഡിപ്പാർട്ടമെന്റ് തലവൻ മുഖാന്തിരം തീർപ്പ് കൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) വിദേശത്ത് പോകുന്നതുമൂലം സംസ്ഥാനത്ത് തൊഴിൽ സാദ്ധ്യതയും വരുമാനസാദ്ധ്യതയും വർദ്ധിക്കുമെന്ന കാരണത്താൽ ഈ അവധി അടിയന്തിരമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) സംസ്ഥാന ജീവനക്കാർക്കും വിദേശ രാജ്യങ്ങളിൽ ജോലി നോക്കുന്നതിനായി പരമാവധി 20 വർഷം വരെ ശൂന്യവേതനാവധി അനുവദിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം വിദേശത്ത്/സ്വദേശത്ത് ജോലി സ്വീകരിക്കുന്നതിലേക്കായി ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. അതിനാൽ ഡിപ്പാർട്ടമെന്റ് തലവൻ മുഖാന്തിരം തീർപ്പ് കൽപ്പിക്കാൻ നിർവാഹമില്ല.

(ഇ) അനുവദനീയമായ അപേക്ഷകളിൻമേൽ അവധി അടിയന്തിരമായി തന്നെ അനുവദിച്ചു നൽകണമെന്നാണ് ചട്ടം അനുശാസിക്കുന്നത്. മറിച്ച് ഒരു പരാതി ഇതുവരെ ലഭിച്ചിട്ടില്ല.

**ടെലി മെഡിസിൻ സമ്പ്രദായം വഴിയുള്ള രോഗനിർണ്ണയവും ചികിൽസയും സാദ്ധ്യമാക്കുന്നതിനുള്ള നടപടി**

391. ശ്രീ. സി.ടി. അഹമ്മദ് അലി:
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. ടി.പി.എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിപ്പിച്ചുകൊണ്ട് ടെലി മെഡിസിൻ സമ്പ്രദായം വഴിയുള്ള രോഗനിർണ്ണയവും ചികിൽസയും സാദ്ധ്യമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പു മന്ത്രി):-**

(എ) + (ബി)

വിവരസാങ്കേതിക വകുപ്പുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾ കൈക്കൊണ്ടു വരുന്നു.

**കെട്ടിട നികുതി പുനർ നിർണ്ണയിക്കാൻ നടപടി**

392. ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പു സദയം മറുപടി നൽകുമോ;

(എ) കെട്ടിട നികുതി യഥാസമയം പുനർനിർണ്ണയിക്കാത്തുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭീമമായ നഷ്ടം ഉണ്ടായിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാലതാമസം ഒഴിവാക്കി നികുതി തിട്ടപ്പെടുത്തൽ പ്രക്രിയ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) നികുതി പുനർനിർണ്ണയക്കുന്നതിന് എന്ത് മാനദണ്ഡമാണ് അവലംബിക്കുവാൻ ഉദ്ദേസിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) നികുതി നിർണ്ണയം കാലതാമസം കൂടാതെ നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ പ്രാധാന്യം, കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം, കെട്ടിടത്തിന്റെ തരം, കെട്ടിടത്തിന്റെ ഉപയോഗം എന്നീ ഘടകങ്ങളെ ആസ്പദമാക്കി നികുതി നിർണ്ണയിക്കുന്ന രീതി നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

**പേവിഷം ബാധിച്ചവർക്ക് ജീവൻരക്ഷാ ഇഞ്ചക്ഷൻ സൗജന്യമായോ കുറഞ്ഞനിരക്കിലോ നൽകാൻ നടപടി**

393. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. പി.ജെ. ജോയി:
ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേവിഷം ബാധിച്ച് ആശുപത്രികളിലും പബ്ളിക് ഹെൽത്ത് ലാബറട്ടറികളിലും എത്തുന്നവർക്ക് ജീവൻരക്ഷ ഇഞ്ചക്ഷൻ നൽകുന്നതിന് ചാർജ് ഈടാക്കിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുകയാണ് ഈടാക്കിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഇഞ്ചക്ഷൻ രോഗിക്ക് കൊടുക്കാത്തപക്ഷം രോഗികൾ മരിക്കാനിടയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇഞ്ചക്ഷൻ സൗജന്യമായോ കുറഞ്ഞ നിരക്കിലോ പേവിഷബാധയേറ്റ രോഗികൾക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പു മന്ത്രി):-**

(എ) പേ വിഷ ബാധ ഏറ്റവർക്ക് ജീവൻരക്ഷാ ഇഞ്ചക്ഷൻ സർക്കാരാശുപത്രികളിൽ സൗജന്യമായാണ് നൽകുന്നത്.

(ബി) ബാധകമല്ല

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കടലുണ്ടി തീവണ്ടി അപകടത്തിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം

394. ശ്രീ. കെ.പി. സതീശ്ചന്ദ്രൻ:

ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലുണ്ടി തീവണ്ടി അപകടത്തിൽപ്പെട്ടവരുടെ നഷ്ടപരിഹാരം ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രൈബ്യൂണലിന്റെ പരിഗണനയിലിരിക്കുന്ന കേസ്സുകൾ കാലതാമസം വരാതെ തീർപ്പുകൽപ്പിക്കുന്നതിനും നഷ്ടപരിഹാരത്തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിനും കേന്ദ്ര റയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ റെയിൽവേ മന്ത്രാലയത്തിന് നിവേദനം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) കടലുണ്ടി തീവണ്ടി അപകടത്തിൽ എത്രപേർ മരിക്കുകയും എത്രപേർക്ക് പരിക്കേൽക്കുകയും ഉണ്ടായി;

(എഫ്) കടലുണ്ടി അപകടത്തെത്തുടർന്ന് അവിടെ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികൾ, നാട്ടുകാർ, ഫയർഫോഴ്സ്, പോലീസ് എന്നിവർക്ക് എന്തെങ്കിലും പാരിതോഷികം നൽകിയിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ പാരിതോഷികം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(എച്ച്) ട്രെയിനപകടത്തെത്തുടർന്ന് കേന്ദ്ര ഗവൺമെന്റിൽ നിന്നും റെയിൽവേ മന്ത്രാലയത്തിൽനിന്നും എത്ര രൂപയുടെ സഹായമാണ് ലഭിച്ചിട്ടുള്ളത്;

(ഐ) സംസ്ഥാന ഗവൺമെന്റ് നൽകിയ സാമ്പത്തിക സഹായം എത്രയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ.ആന്റണി (മുഖ്യമന്ത്രി):-**

(എ) ഇല്ല. ഇക്കാര്യത്തിലുള്ള പരാതികളൊന്നും ലഭിച്ചതായി കാണുന്നില്ല.

(ബി) പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ റെയിൽവേ മന്ത്രാലയത്തോട് ഇക്കാര്യം ആവശ്യപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) പരാതി ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) 52 പേർ മരണപ്പെടുകയും 125 പേർക്ക് സാരമായും 191 പേർക്ക് നിസ്സാരമായും പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(എച്ച്) മരണപ്പെട്ടവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപവീതവും സാരമായി പരിക്കേറ്റവർക്ക് 25,000/- രൂപ വീതവും നിസ്സാരമായി പരിക്കേറ്റവർക്ക് 5000/- രൂപാ വീതനും റെയിൽവേ നേരിട്ടു നൽകിയിട്ടുണ്ട്.

(ഐ) ഇരുപത്തിമൂന്നു ലക്ഷത്തി അറുപത്തിരണ്ടായിരത്തി അൻപത്തി ഒൻപതു രൂപ നൽകിയിട്ടുണ്ട്.

## മാതൃ മരണനിരക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ

395. ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. സ്റ്റീഫൻ ജോർജ്:
ശ്രീ. മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃമരണനിരക്ക് കഴിഞ്ഞ പത്ത് വർഷത്തിനിടെ ഇരട്ടിയിലധികം വർദ്ധിച്ചിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മാതൃമരണനിരക്ക് വർദ്ധിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) മാതൃമരണങ്ങൾ സംഭവിക്കാനുള്ള പ്രധാന രോഗങ്ങളും അവ ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളും എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) അത്യാസന്നനിലയിലാവുന്ന അമ്മമാരെയും ഗർഭിണികളെയും സ്വകാര്യ ആശുപത്രികൾ സ്വീകരിക്കാത്തതുമൂലം നിരവധിപേർ മരണത്തിനിരയാവുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് തടയുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പി ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) മാതൃമരണ നിരക്കിലെ നാമമാത്രമായ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസവാനന്തര രക്തസ്രാവം, പ്രസവത്തിനു മുൻപുള്ള രക്തസ്രാവം, കൂടിയ രക്തസമ്മർദ്ദം, പ്രമേഹം, മഞ്ഞപ്പിത്തം, വിളർച്ച, അണുബാധ, ഷോക്ക് എന്നിവയാണ് പ്രധാനകാരണങ്ങൾ.

(സി) ഹെപ്പറ്റൈറ്റിസ്, അനീമിയ, ഹൃദയാഘാതം, രക്തസ്രാവം, സന്നി, എംബോളിസം എന്നിവയാണ് മാതൃമരണങ്ങൾ സംഭവിക്കാവുന്ന പ്രധാനരോഗങ്ങൾ. അവ തടയുന്നതിന് നൂറുശതമാനം പ്രസവവും ആശുപത്രിയിലാക്കുക, പരിശീലനം ലഭിച്ച ഡോക്ടർമാരുടേയും നഴ്സുമാരുടേയും ജീവനക്കാരുടേയും സേവനം ലഭ്യമാക്കുക, ഗർഭകാലത്ത് വേണ്ടുന്ന സംരക്ഷണം നൽകുക, രക്തക്കുറവു തടയുവാൻ അയൺ ഔഷധങ്ങൾ നൽകുക, തക്കസമയത്ത് രക്തം നൽകുന്നതിന് ക്രമീകരണം ചെയ്യുക, അടിയന്തിര ശുശ്രൂഷയ്ക്കും ശസ്ത്രക്രിയയ്ക്കുമുള്ള സൗകര്യം നൽകുക എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## സർക്കാർ ആശുപത്രികളെ അഴിമതിവിമുക്തമാക്കാനുള്ള സംവിധാനം

396. ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളെ അഴിമതി വിമുക്തമാക്കാൻ എന്തു സംവിധാനമാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഭാഗമായി ഡോക്ടർമാർക്കുവേണ്ടി ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ള പെരുമാറ്റച്ചട്ടങ്ങൾ കേരളത്തിൽ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പെരുമാറ്റച്ചട്ടങ്ങൾ ഡോക്ടർമാർ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ എന്തു സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ മേലുള്ള പൊതുവായ നിയന്ത്രണങ്ങൾ ആശുപത്രി ജീവനക്കാർക്കും ബാധകമാണ്. പണമോ പാരിതോഷികമോ ആവശ്യപ്പെടുന്നതും സ്വീകരിക്കുന്നതും കുറ്റകരമാണ് എന്നും അത്തരം കേസ്സുകൾ

വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയെ അറിയിക്കണമെന്നും ഉള്ള മുന്നറിയിപ്പ് ആശുപത്രികളിലും ബാധകമാണ്. കൂടാതെ പരാതികളുണ്ടായാൽ അന്വേഷിക്കാൻ വകുപ്പുതലത്തിൽ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(ബി) പെരുമാറ്റ ചട്ടങ്ങൾ 6–4–02–ൽ ഭാരത സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) ഇക്കാര്യം പരിഗണനയിലാണ്.

## ആരോഗ്യ മേഖലയുടെ നവീകരണ പരിപാടികൾ

397. പ്രൊഫസർ എ.ഡി. മുസ്തഫ:
ശ്രീ. വി. ബാലറാം:
ശ്രീ. എഴുകോൺ നാരായണൻ:
ശ്രീ. ടി.എൻ.പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയുടെ നവീകരണംവഴി എന്തെല്ലാം പരിപാടികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഈ പരിപാടികൾ എത്രകാലംകൊണ്ട് പൂർത്തിയാക്കാമെന്നാണ് കരുതുന്നത്;

(സി) ഇതിന് എന്തു ചെലവു വരും എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) ആശുപത്രികളുടെ നവീകരണത്തിനും വികസനത്തിനുമായി താഴെപ്പറയുന്ന നടപടികൾ നടപ്പിലാക്കിവരുന്നു.

1. ജില്ലാ ആശുപത്രികളിൽ കാർഡിയോളജി, നെഫ്റോളജി, സൈക്യാട്രി തുടങ്ങിയ സ്പെഷ്യാലിറ്റി വകുപ്പുകൾ തുടങ്ങുന്നതിന് ആവശ്യമായ തുക പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്.
2. വന്ധ്യതാപ്രശ്നങ്ങൾ കണക്കിലെടുത്ത് ചികിത്സക്കും രോഗനിർണ്ണയത്തിനുമായി 20 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്.
3. ഡന്റൽ ക്ലിനിക്കുകൾക്കും അംഗവൈകല്യം തടയുന്നതിനും നവീന ഉപകരണങ്ങൾ വാങ്ങുന്നതിനും ആവശ്യമായ തുകകൾ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്.
4. ദേശീയപാതകളിലും സംസ്ഥാനപാതകളിലും റോഡപകടങ്ങളിൽ അടിയന്തിര വൈദ്യസഹായത്തിനുവേണ്ടി (ട്രോമാകെയർ) 50 ലക്ഷം രൂപ പദ്ധതിയിനത്തിൽ വകകൊള്ളിച്ചിട്ടുണ്ട്.
5. ആശുപത്രികളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്തെ അലോപ്പതി ആശുപത്രികളുടെ നവീകരണത്തിനും ലക്ഷ്യമിടുന്ന പദ്ധതി ഈ സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്നു. ഇതിലേക്ക് 785 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്.
6. ഇവ കൂടാതെ ആശുപത്രികളുടെ നവീകരണത്തിന് ലോകബാങ്ക് സഹായത്തോടെയുള്ള ആർ.സി.എച്ച്. പദ്ധതി ആരോഗ്യവകുപ്പിൽ നടപ്പിലാക്കിവരുന്നു.
7. റീജിയണൽ ഡൈഗ്നോസ്റ്റിക് സെന്റർ പണിയുവാൻ മൂന്നുകോടി രൂപയും ക്യാൻസർ കെയറിനുവേണ്ടി 3.50 കോടി രൂപയും ആധുനികട്രോമാകെയർ പണിയുന്നതിന് 1.50 കോടി രൂപയും എറണാകുളം ജനറലാശുപത്രിക്ക് അനുവദിച്ചിട്ടുണ്ട്. കൊല്ലം, പാലക്കാട് എന്നീ ജില്ലകളിൽ റീജിയണൽ ഡയഗ്നോസ്റ്റിക് സെന്റർ തുടങ്ങുന്നതിന് 3 കോടി രൂപാ വീതം അനുവദിച്ചിട്ടുണ്ട്. ഹെൽത്ത് സിസ്റ്റം പ്രോജക്റ്റിനുവേണ്ടി 810 കോടി രൂപയുടേയും മെഡിക്കൽകോളേജാശുപത്രികളോടനുബന്ധിച്ചുള്ള ആശുപത്രികളുടെ വികസനത്തിനായി 122 കോടിരൂപയുടേയും പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബറട്ടറി നവീകരിക്കുവാനും ഇൻസ്പെക്ടറേറ്റ് വിഭാഗം ശക്തിപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു.

(ബി) 5 വർഷം കൊണ്ട് ഘട്ടം ഘട്ടമായി പൂർത്തിയാകുന്നതാണ്.

(സി) ആരോഗ്യവകുപ്പിൽ പദ്ധതിയിനത്തിൽ ആകെ 126.31 കോടി രൂപാ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്. ഡ്രഗ്സ് കൺട്രോൾവകുപ്പിന് സംസ്ഥാന

പദ്ധതിയിനത്തിൽ 300 ലക്ഷം രൂപയും (5 വർഷത്തെ അടങ്കൽ) കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 200 ലക്ഷം രൂപയുമാണ് ചെലവു പ്രതീക്ഷിക്കുന്നത്.

**ജനിതക ചികിത്സാരീതി ഏർപ്പെടുത്താൻ നടപടി**

398. ശ്രീ. എ.കെ.മണി:
ശ്രീ. എൻ. ശക്തൻ:
ശ്രീ. സി.പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനിതക ചികിത്സ ആരംഭിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും മെഡിക്കൽ കോളേജിൽ ഈ വിഭാഗം ചികിത്സാസൗകര്യം ഏർപ്പെടുത്തുവാനുദ്ദേശമുണ്ടോ;

(സി) ജനിതക ചികിത്സ ക്യാൻസർ, ഹൃദ്രോഗം എന്നീ രോഗങ്ങൾക്ക് ഫലപ്രദമായ ചികിത്സാരീതിയാണോ;

(ഡി) മെഡിക്കൽ കോളേജുകളിൽ ഈ ചികിത്സാരീതി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) ഇല്ല.

(ബി) (സി) (ഡി): ജനിതക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നിലവിൽ നിർദ്ദേശങ്ങളൊന്നുമില്ല. ജനിതക ചികിത്സകളുടെ സാദ്ധ്യതയെക്കുറിച്ചുള്ള പഠനം വികസിത രാജ്യങ്ങളിൽ നടക്കുന്നുണ്ട്.

**ഗുണമേന്മ ഇല്ലാത്ത ആയുർവേദ മരുന്നുകൾ ഉല്പ്പാദനം നടത്തി വിതരണം ചെയ്യുന്നത് തടയാൻ നടപടി**

399. ശ്രീ. പി. നാരായണൻ:
ശ്രീ. ബിനോയ് വിശ്വം:
ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണമേന്മയില്ലാത്ത ആയുർവേദ മരുന്നുകൾ ഉല്പാദനം നടത്തി വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് കർശനമായി തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) ആയുർവേദ മരുന്നുകൾക്ക് ഗുണമേന്മ മാനദണ്ഡങ്ങളൊന്നും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമത്തിൽ നിർദ്ദേശിച്ചിട്ടില്ല. അരിഷ്ഠാസവങ്ങളിൽ ആൽക്കഹോളിന്റെ അളവ് 12% കവിയരുതെന്നുള്ള ഗുണനിലവാരമാനദണ്ഡം മാത്രമാണ് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഏതാനും അരിഷ്ഠാസവങ്ങളിൽ ഈ മാനദണ്ഡം ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അരിഷ്ഠാസവങ്ങളിൽ ആൽക്കഹോളിന്റെ അളവ് ഗുണനിലവാരമാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ലബോറട്ടറി പരിശോധന വഴി ഉറപ്പു വരുത്തണമെന്ന് കർശനമായ നിർദ്ദേശം എല്ലാ ഔഷധനിർമ്മാക്കൾക്കും നൽകിയിട്ടുണ്ട്. ഇതിന് ആവശ്യമായ സംവിധാനമില്ലാത്ത നിർമാതാക്കളുടെ ലൈസൻസ് അരിഷ്ഠാസവങ്ങളെ സംബന്ധിച്ച് ഭാഗികമായി സസ്പെന്റ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നു. കൂടാതെ ചട്ടം ലംഘിക്കുന്നവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**ഒമ്പതാം പദ്ധതിയിൽപ്പെടുത്തിയ വർക്കുകൾ പത്താം പദ്ധതിയിലേക്ക് സ്പിൽ ഓവർ ചെയ്ത നടപടി**

400. ശ്രീ. സി.പി. മുഹമ്മദ്:

ശ്രീ. കെ. അച്യുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപതാം പദ്ധതിയിൽപ്പെടുത്തിയ എത്ര വർക്കുകൾ പത്താം പദ്ധതിയിലേക്ക് സ്പിൽ ഓവർ ചെയ്തിട്ടുണ്ട്;

(ബി) ഈ സ്പിൽ ഓവർ വർക്കുകൾ പൂർത്തിയാക്കുവാൻ എന്തു തുക ആവശ്യമായിവരും;

(സി) ഇവ പൂർത്തിയാക്കുന്നതിനുള്ള തുക ബഡ്ജറ്റിൽ ചേർത്തിട്ടുണ്ടോ;

(ഡി) സ്പിൽഓവർ വർക്കുകൾ പൂർത്തിയാക്കേണ്ടതുള്ളതുകൊണ്ട് ഈ വർഷത്തെ പദ്ധതി പ്രവർത്തനത്തിൽ എന്തെങ്കിലും കുറവുണ്ടാകുമോ എന്നു വ്യക്തമാക്കുമോ?

<u>**ഉത്തരം**</u>

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ഏകദേശം 370 വർക്കുകൾ

(ബി) ഏകദേശം 4725 കോടിരൂപ

(സി) ഭാഗികമായി ചേർത്തിട്ടുണ്ട്.

(ഡി) കുറവുണ്ടാകും.